©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2023 ഏപ്രിൽ 13<br>13th April 2023<br>1198 മീനം 30<br>30th Meenam 1198<br>1945 ചൈത്രം 23<br>23rd Chaithra 1945 | നമ്പർ<br>No. 1337 |

### കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

വിജ്ഞാപനം

നമ്പർ:16/2023/സം.തി.ക തിരുവനന്തപുരം, 2023 ഏപ്രിൽ 10

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2022 ആഗസ്റ്റ് 23-ാം തീയതിയിലെ ബി2/66/2022/സം.തി.ക(2) നമ്പരായി പുറപ്പെവിടുവിച്ചിട്ടുള്ളതും 2022 ആഗസ്റ്റ് 27-ാം തീയതിയിലെ 2902-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തിൽ;

ക്രമനമ്പരുകൾ 1700, 4012, 4184, 4436, 5288, 6778 എന്നിവയും അവയ്ക്കെതിരെയുള്ള ഉൾക്കുറിപ്പുകളും ഒഴിവാക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഈ വിജ്ഞാപനത്തിന് 2022 ആഗസ്റ്റ് 23-ാം തീയതി മുതൽ പ്രാബല്യമുള്ളതാണ്.

**എ.ഷാജഹാൻ**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്)

2020 ലെ പൊതുതിരഞ്ഞെടുപ്പിൽ ചെലവ് കണക്ക് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയ സ്ഥാനാർത്ഥികളെ അയോഗ്യരാക്കികൊണ്ട് കമ്മീഷൻ 23.08.2022 ൽ ബി2/66/2022/സം.തി.ക(2) നമ്പരായി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിജ്ഞാപനത്തിൽ ക്രമനമ്പർ 1700-ൽ പത്തനംതിട്ട ജില്ലയിലെ ജി 17 എഴുമറ്റൂർ ഗ്രാമപഞ്ചായത്തിലെ 14-വേങ്ങഴ നിയോജകമണ്ഡലത്തിൽ നിന്നും മത്സരിച്ച ശ്രീ.സന്തോഷ്.ഇ.ആർ(സായി) ന്റെ പേര് ഉൾപ്പെട്ടിരുന്നു. എന്നാൽ ടിയാൻ 13.01.2021 ൽ ചെലവ് കണക്ക് സമർപ്പിച്ചതായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

കൂടാതെ, വിജ്ഞാപനത്തിൽ ക്രമനമ്പർ 4012-ൽ എറണാകുളം ജില്ല ജി 64 ഇലഞ്ഞി ഗ്രാമപഞ്ചായത്തിലെ 09-ചേലക്കൽ നിയോജക മണ്ഡലത്തിൽ നിന്നും മത്സരിച്ച ശ്രീ.അനിൽകുമാർ പെരുമുഴിക്കലിന്റെ പേര് ഉൾപ്പെട്ടിരുന്നു. എന്നാൽ ടിയാൻ 15.07.2022 ൽ ചെലവ് കണക്ക് സമർപ്പിച്ചതായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

വിജ്ഞാപനത്തിൽ ക്രമനമ്പർ 4184-ൽ തൃശ്ശൂർ ജില്ല ബി91 ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിലെ 04-കാഞ്ഞിരപ്പിള്ളി നിയോജകമണ്ഡലത്തിൽ നിന്നും മത്സരിച്ച ശ്രീ.എം.കെ അബ്രഹാം മോറേലിയുടെ പേര് ഉൾപ്പെട്ടിരുന്നു. ടിയാന് 26.09.2022 ൽ കാരണം കാണിക്കൽ നോട്ടീസ് നൽകിയതായും തുടർന്ന് ടിയാൻ 11.10.2022-ൽ ചെലവ് കണക്ക് സമർപ്പിച്ചതായും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ക്രമനമ്പർ 4436-ൽ തൃശ്ശൂർ ജില്ല ജി 40 വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിലെ 09-കൊഞ്ചിറ നിയോജകമണ്ഡലത്തിൽ നിന്നും മത്സരിച്ച ശ്രീ.കെ.വി. വിൻസെന്റിന്റെ പേര് ഉൾപ്പെട്ടിരുന്നു. ടിയാന് 17.09.2022 ൽ കാരണം കാണിക്കൽ നോട്ടീസ് നൽകിയതായും തുടർന്ന് ടിയാൻ 06.10.2022-ൽ ചെലവ് കണക്ക് സമർപ്പിച്ചതായും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

വിജ്ഞാപനത്തിൽ ക്രമനമ്പർ 5288-ൽ പാലക്കാട് ജില്ല ജി 66 മുതലമട ഗ്രാമപഞ്ചായത്തിലെ 12-ഇടുങ്ങപ്പാറ നിയോജകമണ്ഡലത്തിൽ നിന്നും മത്സരിച്ച ശ്രീ.എസ്.വി. സെൽവന്റെ പേര് ഉൾപ്പെട്ടിരുന്നു. എന്നാൽ ടിയാൻ 09.02.2022 ൽ ചെലവ് കണക്ക് സമർപ്പിച്ചതായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ക്രമനമ്പർ 6788-ൽ വയനാട് ജില്ലയിലെ ബി 134 കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിലെ 11- ചാരിറ്റി നിയോജകമണ്ഡലത്തിൽ നിന്നും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മത്സരിച്ച ശ്രീ.ഷമീർ വൈത്തിരിയുടെ പേര് ഉൾപ്പെട്ടിരുന്നു. എന്നാൽ ടിയാൻ 20.07.2022 ൽ ചെലവ് കണക്ക് സമർപ്പിച്ചതായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ വിജ്ഞാപനത്തിന്റെ പട്ടികയിൽ പിശകായി ഉൾപ്പെട്ട ശ്രീ.സന്തോഷ്.ഇ.ആർ(സായി), ശ്രീ.അനിൽകുമാർ പെരുമുഴിക്കൽ, ശ്രീ.എം.കെ അബ്രഹാം മോറേലി, ശ്രീ.കെ.വി. വിൻസെന്റ്, ശ്രീ.എസ്.വി. സെൽവൻ, ശ്രീ.ഷമീർ വൈത്തിരി എന്നിവരുടെ പേരുകൾ മുൻകാല പ്രാബല്യത്തോടെ ഒഴിവാക്കേണ്ടത് ആവശ്യമാണെന്ന് കമ്മീഷൻ കരുതുന്നു.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.04.13 03:05:26 +05:30